LIBRARY ARCHIVES Kerala Legislative Assembly

തെരുവുനായ്ക്കളുടെ ആക്രമണം

287(3574) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നു വർഷക്കാലയളവിൽ തെരുവുനായ്ക്കളുടെ ആക്രമണത്തിന് ഇരയായവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; ഇതിൽ എത്ര കുട്ടികളുണ്ടെന്ന് അറിയിക്കുമോ ;

(ബി) ക്രമാതീതമായി വർദ്ധിച്ചുവരുന്ന തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തെരുവ് നായ്ക്കളുടെ ആക്രമണംമൂലം 2013 വർഷത്തിൽ 11 പേരും 2014 വർഷത്തിൽ 10 പേരും റാബീസ് രോഗം മൂലം മരണമടഞ്ഞിട്ടുണ്ട്. ആക്രമണത്തിനിരയായ കുട്ടികളുടെ കണക്ക് പ്രത്യേകം സൂക്ഷിച്ചിട്ടില്ല. വിവിധ നായ്ക്കളുടെ കടിയേറ്റ പരിക്കുപറ്റിയവരുടെ ജില്ല തിരിച്ചുള്ള 2013 ഏപ്രിൽ മുതൽ 2014 ഒക്ടോബർവരെയുള്ള കണക്കിന്റെ പട്ടിക അനുബന്ധം ആയി ചേർക്കുന്നു..*

(ബി) തെരുവ് നായ്ക്കളെ വന്ധ്യംകരണ നടത്തി പേവിഷബാധ കുത്തിവയ്പ്പ് നൽകുന്ന പദ്ധതിക്ക് 2-9-2014-ലെ (സാധാ.) നമ്പർ 2306/2014/ത.സ്വഭവ. സർക്കാർ ഉത്തരവും, 16-10-2014-ലെ (സാധാ) നമ്പർ 2673/14/തസ്വഭവ സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകളിൽ തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പഞ്ചായത്തുകളിലൂടെ ലഭിക്കുന്ന സേവനങ്ങൾ

288 (3575) ശ്രീ. റ്റി. യു. കുരുവിള : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പഞ്ചായത്തുകളിലൂടെ ലഭിക്കുന്ന സേവനങ്ങൾ ജനങ്ങൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(സി) പഞ്ചായത്ത് ഭരണം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ ഭൗതിക സൗകര്യങ്ങളും കൂടുതൽ ജീവനക്കാരെയും നൽകുന്നതിന് നടപടികൾ വ്യക്തമാക്കുമോ ;

(ഡി) പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം കാര്യക്ഷമവും അഴിമതി രഹിതവുമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലറിക്കൽ തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർവത്കരണം പൂർത്തിയായി വരുന്നു. 978 ഗ്രാമ പഞ്ചായത്തുകളിലും അക്കൗണ്ടിംഗ് സംവിധാനം 'സാംഖ്യ' സോഫ്റ്റ് വെയറിലൂടെയാണ് പ്രവർത്തിക്കുന്നത്. പദ്ധതി രൂപീകരണം, അംഗീകാരം തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളെല്ലാം 'സുലേഖ' സോഫ്റ്റ് വെയർവഴി നടത്തുന്നു. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ സേവന (സിവിൽ രജിസ്ട്രേഷൻ) എന്ന സോഫ്റ്റ് വെയറിലൂടെയും സാമൂഹ്യ സുരക്ഷാപെൻഷനുകൾ സേവന(പെൻഷൻ)എന്ന സോഫ്റ്റ് വെയറിലൂടെയും ചെയ്തു വരുന്നു. ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാണ്. അങ്ങനെ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ മുൻകാല രേഖകളുടെ കമ്പ്യൂട്ടർ വത്കരണം ത്വരിതഗതിയിൽ പൂർത്തിയായി വരുന്നു. വസ്തു നികുതിയുമായി ബന്ധപ്പെട്ട 'സഞ്ചയ' സോഫ്റ്റ്വെയർ സ്ഥാപിച്ച് നികുതി നിർണ്ണയ രജിസ്റ്ററുകൾ കമ്പ്യൂട്ടർ വത്കരിക്കുന്ന പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. സേവനാവകാശനിയമം നടപ്പിലാക്കിയിട്ടുണ്ട്. 16 സേവനങ്ങൾ ഗ്രാമപഞ്ചായത്തുകൾ വഴിയും 7 സേവനങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസുകൾ വഴിയും 3 സേവനങ്ങൾ പഞ്ചായത്ത് ഡയറക്ടറേറ്റ് വഴിയും നല്കാനുള്ള പ്രവർത്തനം നടന്നു വരുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന സേവനങ്ങൾ സമയബന്ധിതമായി തന്നെ നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, അർഹരായ എല്ലാപേർക്കും ഉറപ്പുവരുത്താൻ സമ്പൂർണ്ണ പെൻഷൻ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗ്രാമ പഞ്ചായത്തുകളിൽ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമെന്ന നിലയിൽ 990 ക്ലാർക്ക് തസ്തികകളും 864 അസ്സിസ്റ്റന്റ് സെക്രട്ടറി തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തയ്യാറാക്കുന്ന വികസന രേഖയെ അടിസ്ഥാനമാക്കി 12-ാം പഞ്ചവൽസര പദ്ധതിക്കാലത്തേയ്ക്കുള്ള (2012-2017) പഞ്ചവൽസര പദ്ധതിയും 5 വർഷത്തേയ്ക്കുള്ള പദ്ധതിയ്ക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹവും വർഷം തിരിച്ചും മേഖല തിരിച്ചും തയ്യാറാക്കുന്നു. 5 വർഷത്തേയ്ക്കുള്ള ദീർഘകാല പദ്ധതിയുടെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നു.

ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും കർമ്മ പദ്ധതികൾ

289 (3576) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പാലോട് രവി :
ശ്രീ. ജോസഫ് വാഴക്കൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി പ്രകരം വികസിപ്പിച്ചിട്ടുള്ളത്;

(സി) ഇതിനായി ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ തസ്തിക ഏകീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഗ്രാമപഞ്ചായത്തുകൾ പൂർണ്ണതോതിൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) 1 ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലറിക്കൽ തസ്തകയും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly